# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3593 — 22.08.2017 — ൽ മറുപടിക്ക്

## റേഷൻ മുൻഗണനാ കാർഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സർക്കാരിന്റെ കർശന നിർദ്ദേശത്തെ തുടർന്ന് നാളിതുവരെയായി എത്ര പേർ റേഷൻ മുൻഗണനാ കാർഡ് സ്വമേധയാ മാറ്റിയിട്ടുണ്ട് എന്നറിയിക്കാമോ; ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) |

| | | |
|---|---|---|
| തിരുവനന്തപുരം | - | 11,304 |
| കൊല്ലം | - | 8,331 |
| പത്തനംതിട്ട | - | 4,558 |
| ആലപ്പുഴ | - | 6,170 |
| കോട്ടയം | - | 4,950 |
| ഇടുക്കി | - | 2,121 |
| എറണാകുളം | - | 5,514 |
| തൃശ്ശൂർ | - | 6,659 |
| പാലക്കാട് | - | 6,211 |
| മലപ്പുറം | - | 5,709 |
| കോഴിക്കോട് | - | 4,710 |
| വയനാട് | - | 1,369 |
| കണ്ണൂർ | - | 3,839 |
| കാസർഗോഡ് | - | 1,269 |
| **ആകെ** | - | **72,714** |

(ബി) സമയപരിധി അവസാനിച്ചിട്ടും തെറ്റായി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും എന്ത് തുടർ നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി) മുൻഗണനാ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ, സഹകരണ മേഖലയിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ കൃത്യമായി റേഷൻ കാർഡ് തിരിച്ചേൽപ്പിച്ച് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ 20.08.2017-വരെ സമയപരിധി നൽകിയിട്ടുണ്ട്. ഇതിനുപരിയായി അനർഹർക്കെതിരെ ഇൻഡ്യൻ ക്രിമിനൽ ശിക്ഷാനിയമ പ്രകാരവും അവശ്യസാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും, സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട എല്ലാവർക്കും ഇക്കാര്യം സംബന്ധിച്ച കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*